(സി) പ്രകൃതി വാതകം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനായി നടപ്പിലാക്കുന്ന പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു:

1. ആർ.ജി.സി.സി.പി. (എൻ.റ്റി.പി.സി.)-360 MW (നാഫ്തയിൽ നിന്നും പ്രകൃതി വാതകത്തിലേക്ക് മാറുന്ന പദ്ധതി).
2. ബി.എസ്.ഇ.എസ്.-157MW (നാഫ്തയിൽനിന്നും പ്രകൃതി വാതകത്തിലേക്ക് മാറുന്ന പദ്ധതി).
3. ബ്രഹ്മപുരം - 400 MW-ന്റെ പുതിയ പദ്ധതി.
4. ബി.ഡി.പി.പി.-യിലെ കേടായ രണ്ട് ജനറേറ്ററുകൾ മാറ്റി പ്രകൃതി വാതകത്തിൽ പ്രവർത്തിക്കുന്ന ജനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി-40 MW.

മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ താങ്ങാവുന്ന വിലയിൽ പ്രകൃതി വാതകം ലഭ്യമാകുന്ന മുറയ്ക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

വൈദ്യുതി ഉത്പാദനത്തിനുള്ള പുതിയ പദ്ധതികൾ

80 (447) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പദ്ധതികളുടെ അഭാവത്തിൽ കേരളത്തിലെ വൈദ്യുതി ഉത്പാദനം പ്രതിസന്ധിയിലാണെന്നു കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പുതിയ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ച് ആഭ്യന്തര ഉത്പാദനം സാധ്യമാകുന്നില്ല. ആയതിനാൽ അന്യസംസ്ഥാന നിലയങ്ങളുടെ മേലുള്ള ആശ്രിതത്വം വർദ്ധിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2013 ഡിസംബർ മുതൽ 2015 ജൂൺ വരെയുള്ള കാലയളവിൽ 1415 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേക്ക് വാങ്ങുന്നതിന് ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിന് ഉയർന്നശേഷിയുള്ള ഒരു ആഭ്യന്തര നിലയം അനിവാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. 218.9 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് കെ.എസ്.ഇ.ബി.എൽ. ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ താഴെ പറയുന്ന 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

1.	അപ്പർ കല്ലാർ	2 MW (ടെണ്ടർ നോട്ടീസ് നൽകിയിട്ടുണ്ട്.)
2.	പെരുവണ്ണാമൂഴി	6 MW
3.	ചെമ്പുകടവ്-III	7.5 MW
4.	ഒലിക്കൽ	5 MW
5.	പൂവാരംതോട്	3 MW
6.	ചിന്നാർ	24 MW

ഇതുകൂടാതെ അതിരപ്പിള്ളി പദ്ധതി (163 MW) കോടതിയിൽ നിലനിൽക്കുന്ന കേസ് തീരുന്ന മുറയ്ക്ക് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതിന് പുറമേ വൈദ്യുതി ബോർഡിന്റെ ആഭിമുഖ്യത്തിലും സ്വകാര്യ സംരംഭകർ വഴിയും നടപ്പിലാക്കുന്ന വിവിധ സൗരോർജ്ജ ചെറുകിട ജലവൈദ്യുത പദ്ധതികളും പുരോഗമിക്കുന്നുണ്ട്.

വാമനപുരം നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ

81 (448) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.-യുടെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നു ; ഓരോ ഓഫീസിന്റെ പരിധിയിലും എത്ര ഉപഭോക്താക്കൾ വീതം ഉണ്ടെന്നുള്ള വിശദമായ പട്ടിക ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസുകളിൽ ഓരോന്നിലും ലഭ്യമാകുന്ന ശരാശരി പ്രതിമാസ വരുമാനം എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 6 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly